**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 100** **08-12-2022 - ൽ മറുപടിയ്ക്ക്**

**തൊഴിലാളി സൗഹൃദ സംസ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംഘടിത, അസംഘടിത തൊഴിൽ മേഖലകളിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന തരത്തിൽ കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ കേരളത്തെ തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കിമാറ്റുവാൻ ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ; | (എ) | സംഘടിത, അസംഘടിത തൊഴിൽ മേഖലകളിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന തരത്തിൽ കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 29 കേന്ദ്രനിയമങ്ങളെ നാല് കോഡുകളാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് എങ്ങനെ പ്രാവർത്തികമാക്കും എന്നതിൽ തൊഴിലാളികൾക്കിടയിൽ ആശങ്ക നിലനിൽക്കുന്നുണ്ട്.<br><br>കേരളത്തെ തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാൻ സർക്കാർ നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. തൊഴിൽ മേഖലയിലെ നയപരവും പൊതുവായതുമായ തൊഴിൽ പ്രശ്നങ്ങൾ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ, വ്യവസായ തർക്ക നിയമ പ്രകാരം ചർച്ച ചെയ്ത് പരിഹരിച്ച് വരുന്നു. വ്യവസായ മേഖലയിലെ സമാധാനപരമായ അന്തരീക്ഷം നിലനിർത്തുവാനും സാമൂഹിക നീതി ഉറപ്പാക്കുവാനും തൊഴിൽ/വ്യവസായ തർക്കങ്ങൾ തൊഴിൽ നിയമങ്ങളുടെയും ചട്ടങ്ങളുടെയും പരിധിയ്ക്കുള്ളിൽ നിന്ന് സുതാര്യതയോടു കൂടി പരിഹരിച്ച് വരുന്നു.<br><br>കേരളത്തെ തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി പരമ്പരാഗത മേഖലയിലെയും അസംഘടിത മേഖലയിലെയും തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനും ഈ വിഭാഗം തൊഴിലാളികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനു വേണ്ടി ക്ഷേമനിധി ബോർഡുകൾ രൂപീകരിക്കുകയും |

| | | | |
|---|---|---|---|
| | | | ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | റിസർവ് ബാങ്ക് പ്രസിദ്ധീകരിച്ച കണക്ക് പ്രകാരം രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലുള്ളതിന്റെ മൂന്ന് മടങ്ങിലധികം വരെ ഉയർന്ന തോതിലുള്ള പ്രതിദിന വേതനം സംസ്ഥാനത്ത് ലഭിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്, 19-11-2022 തീയതി റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച "Handbook of Statistics on Indian States, 2021-22" പ്രകാരം കേരളത്തിൽ ജോലി ചെയ്യുന്ന നിർമ്മാണ തൊഴിലാളികൾക്ക് പ്രതിദിനം ശരാശരി 837.30 രൂപയായി രേഖപ്പെടുത്തിയിട്ടുണ്ട്. ടി തുക മറ്റ് സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് നൽകി വരുന്ന പ്രതിദിന വേതനത്തെക്കാൾ ഉയർന്ന നിരക്കിലാണ്. സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള മേഖലകളായ ഫിനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ്, പ്രൈവറ്റ് ഹോസ്പിറ്റൽസ്, മൈനർ പോർട്ട്, സെയിൽസ് പ്രൊമോഷൻ ഓഫ് ഫാർമസ്യൂട്ടിക്കൽ പ്രോഡക്ട്സ്, ഫോറസ്റ്റ്, കേബിൾ ടി.വി തുടങ്ങിയ മേഖലകളിലും നിലവിലെ പ്രതിദിന വേതനം 700/- രൂപയ്ക്ക് മുകളിലാണ്. പ്രസ്തുത വിവരം വിലയിരുത്തുമ്പോൾ രാജ്യത്ത് തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ ദിവസവേതനം നൽകുന്ന സംസ്ഥാനമായി കേരളം കണക്കാക്കപ്പെട്ടിരിക്കുന്നു. |
| (സി) | സംസ്ഥാനത്ത് വിവിധ തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനും അവ കാലികമായി പുതുക്കുന്നതിനും കാര്യക്ഷമമായ ഇടപെടൽ നടത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്, മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള 11 തൊഴിൽ മേഖലകളിൽ 8 മേഖലകളിലെ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ടി മേഖലകൾ ഉൾപ്പെടെ 2016 ജൂൺ മുതൽ 2022 ഒക്ടോബർ വരെ 66 മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുകയും പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ